കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വയലാർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി2-1620/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി, 12.12.2018

ഡെപ്യൂട്ടി ഡയറക്ടർ

.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വയലാർ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : വയലാർ ഗ്രാമ പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി2-1620/2018 തീയതി, 12.12.2018

.

# ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.08.2017 മുതൽ 30.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05.11.2018മുതൽ<br>16.11.2018 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രവീൺ ഷേണായി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സുനിൽ.കെ.ബി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ. സി.ആർ. ബാഹുലേയൻ | 01.04.2017 മുതൽ 22.11.2017 വരെ |
| 2 | ശ്രീമതി. ഗീത വിശ്വംഭരൻ, വൈസ് പ്രസിഡന്റ് (ചാർജ്ജ്) | 23.11.2017 മുതൽ 14.12.2017 വരെ |
| 3 | ശ്രീ.എസ്.വി.ബാബു | 15.12.2017 മുതൽ 31.03.2018 വരെ |

2. സെക്രട്ടറി

| | |
|---|---|
| ശ്രീമതി. മേഴ്സി ചെറിയാൻ, അസി. സെക്രട്ടറി (ചാർജ്ജ്) | 01.04.2017 മുതൽ 02.05.2017 വരെ |
| ശ്രീ. ബാബു.വി | 03.05.2017 മുതൽ 07.06.2017FN വരെ |
| ശ്രീ. ജോൺ.പി.ജോസഫ് | 07.06.2017AN മുതൽ 28.02.2018 വരെ |
| ശ്രീ.സാനു.കെ, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | 01.03.2018 മുതൽ 31.03.2018 വരെ |

3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ഗീത വിശ്വംഭരൻ | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീ.എസ്.വി.ബാബു | 01.04.2017 മുതൽ 15.12.2017 വരെ |
| | | ശ്രീ.എൻ. ശശിധരൻ | 16.12.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. ഇന്ദിര.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ. യു.ജി.ഉണ്ണി | 01.04.2017 മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. അയിഷ. ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. പ്രസിമോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ശ്രീദേവി. കെ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഹേമ ട്രീസ മാത്യു | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജയകല.പി.വി | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ദിലീഷ്. എൻ.ഡി. | 01.04.2017 മുതൽ 18.10.2017 വരെ |
| | ശ്രീമതി. യാമിനി ദാസ് | 19.10.2017 മുതൽ 31.03.03.2018 വരെ |
| എച്ച്.എം.എൽ.പി.എസ് | ശ്രീമതി.എസ്.അനിത | 01.04.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ. വയലാർ | ശ്രീ.ജോസഫ്.ടി.വി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. ഒളതല | ശ്രീമതി. ഷെൽബി ജോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. തോമസ് എ.എം | 01.04.2017 മുതൽ 28.09.2017 വരെ |
| | ശ്രീമതി.ഷിന്ധ്യ. എൽ.കെ | 29.09.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. മേഴ്സി ചെറിയാൻ, അസിസ്റ്റന്റ് സെക്രട്ടറി | 01.04.2017 മുതൽ 31.07.2017 വരെ (01.08.2017 മുതൽ 13.08.2017 വരെ വേക്കന്റ്) |

| | | |
|---|---|---|
| | | |
| | ശ്രീ.സാനു.കെ, അസിസ്റ്റന്റ് സെക്രട്ടറി | 14.08.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം



| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് ഓഡിറ്റോറിയം - വസ്തു നികുതി ഈടാക്കിയില്ല |
| 3 | 2-2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല |
| 4 | 2-3 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല |
| 5 | 2-4 | ഡി&ഒ ലൈസൻസ്- അപാകതകൾ |
| 6 | 2-5 | തനതു ഫണ്ട് കറന്റ് അക്കൗണ്ടിൽ- പലിശയിനത്തിൽ വരവില്ല. |
| 7 | 2-6 | ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ട് ആരംഭിച്ചിട്ടില്ല |
| 8 | 2-7 | ടെൻഡർ ഫീ തിരികെ ലഭിച്ചിട്ടില്ല |
| ഭാഗം 3 | | |
| 9 | 3-1 | ഫണ്ട് വിനിയോഗത്തിലെ വീഴ്ച - 61.50 ലക്ഷം രൂപ പാഴായി |
| 10 | 3-2 | മുൻകൂർ ശമ്പളം - തിരികെ ഈടാക്കിയില്ല |
| 11 | 3-3 | ഫെസ്റ്റിവൽ അഡ്വാൻസ് - തിരികെ ഈടാക്കിയില്ല |
| 12 | 3-4 | ഐ എസ്സ് ഒ സർട്ടിഫിക്കേഷൻ - അധിക തുക ചെലവഴിച്ചു |
| 13 | 3-5 | അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ-ക്വാട്ട് ചെയ്ത തുകയെക്കാൾ അധികം നൽകി |
| 14 | 3-6 | ഗ്രാമ പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം - മുൻകൂർ ക്രമീകരിച്ചില്ല |
| 15 | 3-7 | വയലാർ ഗവ.ഐ.റ്റി.ഐ.യ്ക്ക് 2017-18 വർഷത്തെ വാടക നൽകൽ |
| 16 | 3-8 | വയലാർ നോർത്ത് ഗവ. എൽപി സ്കൂളിന് സ്മാർട്ട് ക്ലാസ്സ് റൂം - നിർവ്വഹണത്തിലെ അപാകതകൾ |
| 17 | 3-9 | പ്രൊക്യൂർമെന്റ് മാനുവലിലെ നിബന്ധനകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി. |
| 18 | 3-10 | അസിസ്റ്റന്റ് സെക്രട്ടറി പദ്ധതി തുക തിരികെ അടവാക്കിയത് – പലിശ സി.ഡി.എസ് അക്കൗണ്ടിൽ നിന്നു നൽകി |
| 19 | 3-11 | ഡെപ്പോസിറ്റ് വർക്കുകൾ - വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിക്കപ്പെടുന്നില്ല – 57.75 ലക്ഷം രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു |
| 20 | 3-12 | വാട്ടർ അതോറിറ്റിക്ക് കൈമാറിയ സ്ഥലം തിരികെ ലഭിച്ചിട്ടില്ല |
| 21 | 3-13 | പി.എച്ച്.സി.യുടെ മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല |
| 22 | 3-14 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി |
| 23 | 3-15 | എസ്സ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം - സ്റ്റോക്ക്, വിതരണ രേഖകളില്ല |

| | | |
|---|---|---|
| 24 | 3-16 | പത്ത്/പന്ത്രണ്ടാം തരം തുല്യത - ചെലവ് സാധൂകരിക്കുന്നതിനാവശ്യമായ രേഖകളില്ല |
| 25 | 3-17 | ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - നിർവ്വഹണത്തിലെ അപാകതകൾ |
| 26 | 3-18 | ഹരിത കർമ്മസേന - ചെലവ് തടസ്സപ്പെടുത്തുന്നു |
| 27 | 3-19 | പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് |
| 28 | 3-20 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ -രേഖകൾ അപൂർണ്ണം |
| 29 | 3-21 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം |
| 30 | 3-22 | പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല |
| 31 | 3-23 | സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം അടയ്ക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 32 | 3-24 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| ഭാഗം 4 | | |
| 33 | 4-1 മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 192937384 | 183994884 |

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കുകയോ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.
3. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ നടത്തിയിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 30.05.2018 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSA-ALP-GA4-1126(47)/2018 തീയതി. 19.07.2018 | വിശേഷണങ്ങളോടുകൂടിയത് |

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15480180 |
| വരവ് | 50473779 |
| ആകെ | 65953959 |
| ചെലവ് | 53425858 |
| നീക്കിയിരിപ്പ് | 12528101 |

1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 15830000 | 15830000 | 14344733 | 1485267 |
| വികസനഫണ്ട് എസ്.സി.പി | 0 | 5337738 | 5337738 | 4681157 | 656581 |
| വികസനഫണ്ട് ടി.എസ്.പി | 0 | 167932 | 167932 | 109214 | 58718 |
| മെയിന്റനൻസ് ഗ്രാന്റ് | 0 | 1448000 | 1448000 | 1270196 | 177804 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4001000 | 4001000 | 3806684 | 194316 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7322374 | 7322374 | 3744817 | 3577557 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 5061354 | 8808000 | 13869354 | 13735389 | 133965 |
| എസ്.ബി.റ്റി ഡിസ്ട്രസ് റിലീഫ് ഫണ്ട് | 2406 | 89647 | 92053 | 0 | 92053 |
| എസ്.ബി.റ്റി ലിറ്ററസി | 15090 | 214939 | 230029 | 213014 | 17015 |
| എം.എൻ.ആർ.ഇ.ജി.എസ്. | 18072 | 1631394 | 1649466 | 1616361 | 33105 |
| കോർപ്പറേഷൻ ബാങ്ക് NBA | 169587 | 351203 | 520790 | 24000 | 496790 |
| തനത് ഫണ്ട് DCB | 6706047 | 34426173 | 41132220 | 32216186 | 8916034 |
| തനത് ഫണ്ട് SBI | 0 | 86473 | 86473 | 629 | 85844 |
| കോർപ്പറേഷൻ ബാങ്ക് നം.6271 സാനിട്ടേഷൻ | 3418999 | 4705278 | 8724277 | 5531716 | 2592561 |
| ബി ഫണ്ട് | 0 | 582360 | 582360 | 582360 | 0 |
| ക്യാഷ് (തനത് ഫണ്ട്) | 88563 | 160665 | 249228 | 88563 | 160665 |
| സാനിറ്റേഷൻ | 62 | 7 | 69 | - | 69 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 55725668 | 110 | 32446054 | 9 | 47 | 66.26 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 18072 | 1631394 | 1649466 | 1616361 | 33105 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35548639 | 35548639 | 35548639 | 0 |
| ആകെ | 18072 | 37180033 | 37198105 | 37165000 | 33105 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 252360 | 431 |
| കർഷകതൊഴിലാളി പെൻഷൻ | 2030400 | 169 |
| വിധവാ പെൻഷൻ | 7100000 | 605 |
| വാർദ്ധക്യകാല പെൻഷൻ | 29455500 | 2472 |
| വികലാംഗ പെൻഷൻ | 3337000 | 271 |
| അവിവാഹിത പെൻഷൻ | 1081000 | 89 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 330000 | 11 |

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5670 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വൗച്ചറുകൾ പ്രസിഡന്റ് അധികൃതമാക്കിയിട്ടില്ല.
2. ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
3. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
4. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. 2017-18 വർഷത്തേക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ ആണ് ഉപയോഗിക്കുന്നത്. ഓരോ ഇനങ്ങളിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
7. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
9. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
10. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
11. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2018 | 09/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.05.2018 | 2013-14 മുതൽ 2017-18 വരെ | 11.07.2018 |

1-12 വാർഷിക കണക്കിലെ അപാകതകൾ

1. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഹാജരാക്കേണ്ടതായ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ആദ്യകാലങ്ങളിലെ ആസ്തിവിവരങ്ങളും കൂടി ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സ്ഥിര ആസ്തികളുടെ വാർഷികാടിസ്ഥാനത്തിലെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.
3. വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിലെ ചെലവ് 3,30,000/-രൂപ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് RP7-ൽ ചേർത്തിട്ടില്ല.
4. ബാലൻസ് ഷീറ്റ് B18-ൽ 'Advance to implementing agencies' എന്ന ഹെഡ്ഡിൽ 2014-15 വർഷം മുതൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ വിനിയോഗിക്കാത്തവയുടെ പൂർണ്ണമായ വിവരം ഉൾപ്പെടുത്തിയിട്ടില്ല. 3,11,500/-രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്.

KSA-ALP-GA4-1126(47)/2018 തീയതി. 19.07.2018 പ്രകാരമുള്ള മറ്റ് അപാകങ്ങൾ പരിഹരിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ് ഓഡിറ്റോറിയം - വസ്തു നികുതി ഈടാക്കിയില്ല

2009-10 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് ഏഴാം വാർഡിൽ വയലാർ രാമവർമ്മ ട്രസ്റ്റിനു വേണ്ടി ഒരു ഓഡിറ്റോറിയവും അതിനോട് ചേർന്ന് താമസസൗകര്യത്തോടു കൂടിയ മുറികളും പണി കഴിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് ഒരു കെട്ടിടം പണിയുമ്പോൾ പാലിക്കേണ്ട പ്രാഥമികമായ നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിച്ചതായി കാണുന്നില്ല. കെട്ടിടം പണിയുന്നതിനുള്ള അനുമതി പത്രം പോലും പഞ്ചായത്ത് നൽകിയതായി രേഖകളില്ല. അതുകൊണ്ട് തന്നെ ഈ കെട്ടിടത്തെ സംബന്ധിച്ച യാതൊരു രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. ഇതിനുശേഷം കെട്ടിടം അസ്സസ് ചെയ്യുകയോ, വസ്തു നികുതി ഈടാക്കുകയോ ചെയ്തതായി രേഖകളില്ല. ഈ കെട്ടിടത്തെ സംബന്ധിച്ച എന്തെങ്കിലും വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ അറിവോ, സമ്മതമോ ഇല്ലാതെ നിർമ്മിച്ചിരിക്കുന്ന ഈ കെട്ടിടം അനധികൃത നിർമ്മാണമായി കണക്കാക്കേണ്ടതും, ആയത് ക്രമവൽക്കരിക്കുന്നത് വരെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 235AA വകുപ്പനുസരിച്ച് വസ്തു നികുതി ഈടാക്കേണ്ടതുമാണ്. വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല

വസ്തു നികുതി രജിസ്റ്റർ പരിശോധിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പ്രദേശത്ത് നിലവിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദ വിവരങ്ങൾ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18) ലഭിച്ച മറുപടിയിൽ, പഞ്ചായത്ത് പ്രദേശത്ത് 5 മൊബൈൽ ടവറുകൾ പ്രവർത്തിച്ച വരുന്നുണ്ടെന്നും, 335 ച. അടി വിസ്തീർണ്ണമുള്ള ഒരു ടവറിന്റെ (ബിഎസ്സ്എൻഎൽ) വിശദാംശങ്ങൾ മാത്രമാണ് പഞ്ചായത്തിന്റെ പക്കലുള്ളതെന്നമാണ് അറിയിച്ചിട്ടുള്ളത്. ഈ ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ച് 2018-19 വർഷം വരെ 18301/-രൂ. ഈടാക്കിയിട്ടുണ്ട്. ബാക്കിയുള്ള നാല് ടവറുകളുടേയും വസ്തു നികുതി നിർണ്ണയിക്കുകയോ, ഈടാക്കുകയോ ചെയ്തിട്ടില്ല. ഈ നാല് ടവറുകൾ ഏതെല്ലാമെന്നപോലും മറുപടിയിൽ പറഞ്ഞിട്ടില്ല. ഈ ടവറുകളുടെ പ്രവർത്തനം അവിരാമം തുടർന്നിട്ടും ഇവകളിൽ നിന്നും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിൽ നിയമപരമായ യാതൊരു നടപടികളും ഇതുവരെ സ്വീകരിച്ചിട്ടുമില്ല. അടിയന്തിരമായി ഈ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ പൊതു മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22) മറുപടി നൽകിയില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1. പ്രവീണ രതീഷ്,
2. അരവിന്ദ്. എൻ.എ.
3. ജോണി തുരുത്തിപ്പള്ളി
4. ഉണ്ണികൃഷ്ണൻ

## 2-4 ഡി&ഒ ലൈസൻസ്- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ 300 സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 210 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പല സ്ഥാപനങ്ങളും സെക്രട്ടറി നൽകുന്ന ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) -ാം വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. പഞ്ചായത്ത് നടപ്പാക്കിയ മുട്ടക്കോഴി വളർത്തൽ പദ്ധതിയിൽ കോഴികളെ വിതരണം ചെയ്ത ശ്രീ.എം.കെ.ഗോപിയുടെ ഉടമസ്ഥതയിലുള്ള മാഞ്ഞിലിക്കാട്ട് പൗൾട്രി നേഴ്സറി എന്ന സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നിന്ന് ഡി&ഒ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടികാട്ടിയിരുന്നു. 2017-18 വർഷവും ടി സ്ഥാപനം ഡി&ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്. ഇപ്രകാരം ലൈസൻസ് ഇല്ലാതെ നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചുള്ള നടപടി

കൈക്കൊള്ളേണ്ടതാണ്.

## 2-5 തനതു ഫണ്ട് കറന്റ് അക്കൗണ്ടിൽ- പലിശയിനത്തിൽ വരവില്ല.

ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട്, ജില്ലാ സഹകരണ ബാങ്കിന്റെ ചേർത്തല മെയിൻ ശാഖയിലെ 4022/10/09/000002 -ാം നമ്പർ അക്കൌണ്ടിലാണ് നിക്ഷേപിച്ച വരുന്നത്. പാസ്സ് ബുക്ക് പരിശോധിച്ചതിൽ പ്രതിമാസം ശരാശരി 77 ലക്ഷം രൂപ ഈ അക്കൌണ്ടിൽ നീക്കിയിരുപ്പുള്ളതായി കാണുന്നു. ഈ അക്കൌണ്ട് കറന്റ് അക്കൌണ്ടായാണ് നിലനിർത്തിയിരിക്കുന്നത്. അതുകൊണ്ട് തന്നെ ഇത്രയും വലിയ തുക നീക്കിയിരുപ്പുണ്ടായിട്ടും ഇതുവരെ പലിശയിനത്തിൽ പഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. വലിയ സാമ്പത്തിക നഷ്ടമാണ് ഈയിനത്തിൽ പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ അക്കൗണ്ട് കൂടാതെ ഇ-പേയ്മെന്റിലൂടെ വരുന്ന പണം കൈകാര്യം ചെയ്യുവാനും, NEFT, RTGS തുടങ്ങിയ രീതിയിൽ പണമയയ്ക്കുന്നതിനും മറ്റുമായി എസ്സ്ബിഐയിൽ മറ്റൊരു കറന്റ് അക്കൗണ്ടും നിലവിലുണ്ട്. തനതു ഫണ്ട് കൈകാര്യം ചെയ്യുവാനായി രണ്ട് കറണ്ട് അക്കൗണ്ടും, ഒരു സേവിംഗ്സ് അക്കൗണ്ടും നിലവിൽ ഗ്രാമ പഞ്ചായത്തിനുണ്ട്. കോർപ്പറേഷൻ ബാങ്കിന്റെ വയലാർ ശാഖയിൽ തനത് ഫണ്ട് കൈകാര്യം ചെയ്യുവാൻ ഒരു സേവിംഗ്സ് ബാങ്ക് അക്കൌണ്ട് നിലവിലുള്ളപ്പോൾ, അക്കൌണ്ട് കീപ്പിംഗ് ചാർജ്ജ് അടക്കം ബാങ്കിന് നൽകി, പലിശ നഷ്ടപ്പെടുത്തിക്കൊണ്ട് ജില്ലാ സഹകരണ ബാങ്കിൽ മറ്റൊരു കറന്റ് അക്കൗണ്ട് കൂടി നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3) നൽകിയ മറുപടിയിൽ കറന്റ് അക്കൗണ്ടുകൾ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളാക്കി മാറ്റുന്നതിനുള്ള നടപടികളെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഈയിനത്തിൽ 2017-18 ൽ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ ഏകദേശ കണക്ക് താഴെ കൊടുക്കുന്നു.

01-04-2017 മുതൽ 31-03-2018 വരെ

ജില്ലാ സഹകരണ ബാങ്കിൽ നിക്ഷപിച്ച പണം 9,24,63,437/- രൂ.

01-04-2017 മുതൽ 31-03-2018 വരെ പ്രതിമാസ ശരാശരി 77,05,286/- രൂ.

2017-18 ൽ ലഭ്യമാകുമായിരുന്ന പലിശ (3.5% നിരക്കിൽ) 2,69,685/- രൂ.

പ്രതിമാസം പലിശയിനത്തിൽ പഞ്ചായത്തിന് നഷ്ടം 22473/- രൂ.

നാഷണലൈസ്ഡ് ബാങ്കുകളിൽ ലഭ്യമാകുന്ന സ്വീപ്പ്-ഇൻ-സ്വീപ്പ് ഔട്ട് പോലെയുള്ള ഹ്രസ്വകാല നിക്ഷേപങ്ങളിലേയ്ക്ക് ഇത്രയും തുക മാറ്റിയിരുന്നെങ്കിൽ പലിശ നിരക്ക് 7% ആയി ഉയരുമായിരുന്നു. ഇങ്ങനെ നിക്ഷപിക്കുന്ന പണം എപ്പോൾ വേണമെങ്കിലും പഞ്ചായത്തിന് പിൻവലിക്കുകയുമാവാം. ഇങ്ങനെയുള്ള നിരവധി സൗകര്യങ്ങൾ ഉണ്ടായിരിക്കെ, അതൊന്നും ഉപയോഗിക്കാതെ, പഞ്ചായത്തിന് ലഭിക്കേണ്ട പണം നഷ്ടപ്പെടുത്തിയത് ശരിയായ പ്രവണതയല്ല. വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ട് ആരംഭിച്ചിട്ടില്ല

23.01.2017-ലെ ജി.ഒ.(പി) നം.07/2017/Fin ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തപ്രോജക്ടുകൾക്കായി ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. തനതുഫണ്ട് (ട്രഷറി ടി.എസ്.ബി.) അക്കൗണ്ടിലാണ് സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകകൾ നിക്ഷേപിച്ചുവരുന്നത്. സർക്കാർ നിർദ്ദേശത്തിനനുസൃതമായി ജോയിന്റ് വെഞ്ചർ അക്കൗണ്ടുകൾ ആരംഭിക്കേണ്ടതാണ്.

(ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/12.11.2018) മറുപടി ലഭ്യമാക്കിയില്ല)

## 2-7 ടെൻഡർ ഫീ തിരികെ ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് നടത്തിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1 | പൊട്ടുവെളി തട്ടാംവെളി റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ്-6 | 1 | 680 | 680 |
| 2 | തങ്കിക്കവല പാലച്ചുവട് റോഡ് റീടാറിംഗ് വാർഡ് 10 | 1 | 650 | 650 |
| 3 | പുല്ലപ്പള്ളി മുസ്ലീംപള്ളി റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ് 4 | 2 | 650 | 1300 |
| 4 | കുന്തറ റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ് 9 | 1 | 590 | 590 |
| 5 | പുല്ലൻചിറകൊച്ചുകരി റോഡ് മെറ്റലിംഗ് & ടാറിംഗ് | 2 | 870 | 1740 |
| 6 | പകൽവീട് നിർമ്മാണംവാർഡ് 6 | 2 | 1660 | 3320 |
| 7 | ധർമ്മശ്ശേരി തോട്ടപ്പള്ളി റോഡ് വാർഡ് 10 | 2 | 590 | 1180 |

| | | | | |
|---|---|---|---|---|
| 8 | പൂജാവെളി വലിയവെളിച്ചിറ റോഡ് വാർഡ് 10 | 2 | 590 | 1180 |
| 9 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി | 3 | 1360 | 4080 |
| | ആകെ | | | 14720 |

തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗത്തിലെ വീഴ്ച - 61.50 ലക്ഷം രൂപ പാഴായി

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 61.50 ലക്ഷം രൂപ പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 1485267 |
| വികസന ഫണ്ട് എസ്.സി.പി. | 656581 |
| വികസന ഫണ്ട് ടി.എസ്.പി. | 58718 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 177804 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 194316 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3577557 |
| ആകെ | 6150243 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആകെ 166 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്(പുതിയ പ്രോജക്ട് -123, സ്പിൽ ഓവർ - 43). ഇതിൽ 47 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും

ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 മുൻകൂർ ശമ്പളം - തിരികെ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ.സാബു.എൻ.എസ് ന് പഞ്ചായത്ത് ഡയറക്ടറുടെ 23.10.2017-ലെ E13-13/2017 ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ചതിനാൽ 31500 രൂപ ശമ്പള അഡ്വാൻസ് നൽകിയിട്ടുണ്ട് (വൗച്ചർ നം. 21700582, ചെക്ക് നം. 164699/31.10.2017 തുക 33500/-). കേരള ഫിനാൻഷ്യൽ കോഡ് vol I ആർട്ടിക്കിൾ 252 പ്രകാരം നൽകിയ മുൻകൂർ ശമ്പളം ജീവനക്കാരന്റെ സ്ഥലം മാറ്റത്തിനുശേഷമുള്ള മൂന്നു മാസത്തെ ശമ്പളത്തിൽ നിന്നും മൂന്നു തുല്യഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ ജീവനക്കാരന്റെ ഒക്ടോബർ മാസത്തെ ശമ്പളത്തിൽ നിന്നും ശമ്പള അഡ്വാൻസിന്റെ ആദ്യ ഗഡു ഈടാക്കിയില്ല (വൗച്ചർ നം. 21700585 ചെക്ക് നമ്പർ. 1775604/01.11.2017തുക 522327/-). പ്രസ്തുത ആർട്ടിക്കിൾ പ്രകാരം ജീവനക്കാരന്റെ ലാസ്റ്റ് പേ സർട്ടിഫിക്കറ്റിൽ മുൻകൂർ ശമ്പളം സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തേണ്ടതാണെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/14.11.2018) തുക ഇതുവരെ ഈടാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. തുക 31500 രൂപ പലിശ സഹിതം ഈ ജീവനക്കാരനിൽ നിന്നും തിരികെ ഈടാക്കി തനതുഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

## 3-3 ഫെസ്റ്റിവൽ അഡ്വാൻസ് - തിരികെ ഈടാക്കിയില്ല

സെക്രട്ടറിയ്ക്കും ജീവനക്കാർക്കും ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിനായി (വൗച്ചർ നം. 21700372, ചെക്ക് നം. 1678101/25.08.2017 തുക 529833/-) 160000 രൂപ തനതുഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. അഡ്വാൻസ് തുക 15000 രൂപ കൈപ്പറ്റിയ ശ്രീമതി.ശ്രീനിത്യ.ആർ, ക്ലർക്കിന്റെ ഒക്ടോബർ മാസത്തെ ശമ്പളത്തിൽ നിന്നും ഒരു ഗഡു തുകയായ 3000 രൂപ മാത്രമേ തിരികെ ഈടാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന തുക 12000 രൂപ ഇതുവരെ അടവാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/14.11.2018)തുക ഇതുവരെ അടവാക്കിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. തുക 12000 രൂപ പലിശസഹിതം ടി ജീവനക്കാരിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 ഐ എസ്സ് ഒ സർട്ടിഫിക്കേഷൻ - അധിക തുക ചെലവഴിച്ചു

പ്രോജക്റ്റ് നം. എസ്സ്.0090/18

അടങ്കൽ 5,50,000/-

ചെലവ് 5,50,000/-

ബിൽ നം. 29/17-18/28-02-2018 (Rs. 65,320/-)

32/17-18/05-03-2018 (Rs. 72,420/-)

47/17-18/26-03-2018 (Rs. 52,540/-)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തിന് ഐ എസ്സ് ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി റെക്കോർഡ് റൂം അറേഞ്ച് ചെയ്യുന്നതിനായി 1,90,280/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് വേണ്ടി ഫെബ്രുവരി, മാർച്ച്

മാസങ്ങളിൽ രണ്ടു തവണയായി, അറ്റൻഡൻസ് റോൾ പ്രകാരം ആകെ 176 (102 + 74) മനുഷ്യദിനങ്ങൾ ചെലവഴിച്ചതിന് ഒരു പ്രവൃത്തി ദിനത്തിന് 710/- രൂപ എന്ന ക്രമത്തിൽ പണം നൽകിയിട്ടുണ്ട്. ഇതിന്റെ ചെലവിനായി വേണ്ടി വരുന്ന ആകെ തുക 124960/- രൂപയാണ് (176 x 710). എന്നാൽ 1,90,280/- രൂപ റെക്കോർഡ് റൂം അറേഞ്ച് ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. അധികമായി പിൻവലിച്ച 65,320/- രൂപ ഏത് ആവശ്യത്തിന് പിൻവലിച്ചുവെന്നോ ചെലവഴിച്ചുവെന്നോ ഉള്ള വിവരങ്ങളൊന്നും തന്നെ ഫയലിലില്ല.

ഈ പ്രവൃത്തി ചെയ്തവർക്ക് 710/- രൂപയാണ് ദിവസേന വേതനമായി നൽകിയിരിക്കുന്നത്. 28.04.2017 -ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നം. 56/2017/ധന പ്രകാരം കാറ്റഗറി -3 ൽ ഉൾപ്പെടുന്ന ക്ലർക്ക്, ജൂനിയർ അക്കൗണ്ടന്റ് തുടങ്ങിയവർക്ക് നൽകുന്ന ദിവസ വേതനമാണിത്. ഫയൽ അടുക്കി റൂം അറേഞ്ച് ചെയ്യുക എന്നതാണ് ഇവരുടെ ജോലിയായി പറഞ്ഞിട്ടുള്ളതെന്നതിനാൽ കാറ്റഗറി-1 പ്രകാരം ഓഫീസ് അറ്റൻഡന്റ് തുടങ്ങിയവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള 630/- രൂപ വേതനം നൽകിയാൽ മതിയാകും. ഇതുമൂലം 80/- രൂപ ഒരാൾക്ക് ഒരു ദിവസം അധികം നല്കിയിട്ടുണ്ട്. ഈയിനത്തിൽ ആകെ 176x80 = 14080/- രൂ. അധികം ചെലവായി. തന്നെയുമല്ല, ഇവരുടെ നിയമനം സംബന്ധിച്ച യാതൊരു വിവരങ്ങളും, നടപടിക്രമവും ഫയലിലില്ല. അറ്റൻഡൻസ് റോൾ ആരും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ രീതിയിൽ 79,400/- രൂപയുടെ (65,320/- + 14080/-) അധികച്ചെലവ് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്.

ഇതു കൂടാതെ, 26-12-2017 മുതൽ 30-12-2017 വരെ നാല് പേരെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റെക്കോർഡ് റൂം അറേഞ്ച് ചെയ്യുന്നതിനായി 710/- രൂപ പ്രകാരം ദിവസവേതനത്തിൽ നിയമിച്ച് 12,780/- രൂപ ചെലവഴിച്ചിട്ടുണ്ട് (710x18) (21700772/181465/01-01-18). ഇവിടെയും ഒരു മനുഷ്യദിനത്തിന് 80/-രൂ അധികമായി നൽകിയതിനാൽ ആകെ 1440/- രൂ. അധികമായി ചെലവുചെയ്തിട്ടുണ്ട് (80x18). പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതിയ്ക്ക്, തനതു ഫണ്ടിൽ നിന്നും യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ പണം ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്ത് ഫണ്ടിനുണ്ടായ അധികച്ചെലവ് 80,840/-രൂപ (79400+1440) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ-ക്വാട്ട് ചെയ്ത തുകയെക്കാൾ അധികം നൽകി

പ്രോജക്ട് നം. S0047/18

അടങ്കൽ 75,000/- (വികസന ഫണ്ട്)

ചെലവ് - 73,876/- ബിൽ നം. 22/17-18 തീയതി.15.02.18

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ എന്ന പ്രോജക്ട് പ്രകാരം സ്ലൈഡർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ എറ്റവും കുറഞ്ഞ തുകയായ 3,298/-രൂപ ക്വാട്ട് ചെയ്ത ക്വാളിറ്റി ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം 20 സ്ലൈഡറിന്റെ വില 65,960/-(3298*20)രൂപയാണ്. എന്നാൽ 20 സ്ലൈഡർ വാങ്ങിയതിന് മേൽ സ്ഥാപനത്തിന് 73,876/-രൂപ നൽകിയിട്ടുണ്ട്. ഈ തുക CGST6% (Rs.3958)+SGST6%Rs.3958) എന്നിവ ഉൾപ്പടെയുള്ളതാണ്. ടെണ്ടർ ഫോമിൽ ജനറൽ കണ്ടീഷൻസിൽ 26-ാം ക്ലോസിൽ ക്വാട്ട് ചെയ്യുന്ന വില എല്ലാ നികുതിയും ഡ്യൂട്ടി സെസ്സും ഉൾപ്പടെയുള്ളതാണെന്ന് പറയുന്നുണ്ട്. ഇത് അംഗീകരിച്ച് സ്ഥാപനത്തിന്റെ ഉടമ ഒപ്പ് വച്ചിട്ടുമുണ്ട്. ഈ വിഷയത്തിൽ നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് (നം.2തീയതി 07.11.18) തുക തിരികെ ഈടാക്കുന്നതിന് സ്ഥാപന ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. ക്വാട്ട് ചെയ്ത തുകയെക്കാൾ അധികമായി നൽകിയ 7,916/-രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. 7916 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നു.

## 3-6 ഗ്രാമ പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം - മുൻകൂർ ക്രമീകരിച്ചില്ല

വയലാർ ഗ്രാമ പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം സംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾക്കായി വൗച്ചർ നം. 21700621, ചെക്ക് നം. 033454/06.11.2017 പ്രകാരം 25000 രൂപ മുൻകൂറായി തനതുഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഇതുവരെയും ക്രമീകരിച്ചിട്ടില്ല. 04.10.2011- ലെ ജി.ഒ(പി) 419/2011/ധനം നമ്പർ ഉത്തരവ് പ്രകാരം മുൻകൂർ കൈപ്പറ്റി മൂന്നു മാസത്തിനകം ക്രമീകരണ ബിൽ സമർപ്പിച്ചില്ലെങ്കിൽ നൽകിയ മുൻകൂർ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ഈ തുക ക്രമീകരിക്കാതെ ഇതിനുശേഷം വന്ന ഓഫീസ് ഉദ്ഘാടനവുമായി ബന്ധപ്പെട്ട ഓരോ ചെലവുകൾക്കും ചെക്കുകൾ പ്രകാരം പ്രത്യേകം തുക പിൻവലിക്കുകയാണ് ചെയ്തിട്ടുള്ളത്. 79500 രൂപ കൂടി ഇപ്രകാരം പിൻവലിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിന്റെ വിവരം | തുക കൈപ്പറ്റിയത് | വൗച്ചർ നം/ ചെക്ക് നം. | തുക |
|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം - പായസം നൽകിയത് | മോഹൻലാൽ, ഗോകുലം | 21700623<br>33455/08.11.2017 | 11500 |
| 2 | പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം - സൗണ്ട് സിസ്റ്റം പ്രവർത്തിപ്പിച്ചത് | മിലൻസ് സൗണ്ട് സിസ്റ്റം | 21700625<br>181452/08.11.2017 | 13000 |
| 3 | പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം -പന്തൽ, ടാക്സി വാടക | ജോഷി.വി.ആർ | 21700638<br>33460/10.11.2017 | 20000 |
| 4 | പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം -ഭക്ഷണം | ജോസഫ് | 21700647<br>181455/14.11.2017 | 10500 |

| | | | | |
|---|---|---|---|---|
| | | | | |
| 5 | പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം -ജീവനക്കാർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭക്ഷണം | മനോജ്.എം.സി | 21700653<br>34186/17.11.2017 | 3000 |
| 6 | പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം -ഫോട്ടോ | പാപ്പച്ചൻ | 21700670,71<br>34193/28.11.2017 | 3500 |
| 7 | പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനം - ഓഫീസ് കോമ്പൗണ്ട്, പുതിയ കെട്ടിടം ക്ലീനിംഗ് | മസ്റ്റർറോൾ പ്രകാരം മൂന്ന പേർക്ക് | 21700696<br>34199/05.12.2017 | 5500 |
| 8 | ബാനർ, നോട്ടീസ്, ബാഡ്ജ് | ഐശ്വര്യ പ്രിന്റേഴ്സ് | 21701073<br>1775661/23.02.2018 | 12500 |
| | ആകെ | | | 79500 |

ഉദ്ഘാടന ചെലവുകൾക്കായി ആകെ 104500/-രൂപയാണ് തനതുഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. 25000/- രൂപയുടെ ചെലവ് ക്രമീകരിക്കാതെ 79500/- രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ 25000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക 18% പലിശ സഹിതം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 വയലാർ ഗവ.ഐ.റ്റി.ഐ.യ്ക്ക് 2017-18 വർഷത്തെ വാടക നൽകൽ

പ്രോജക്റ്റ് നം. S102/18

അടങ്കൽ -4,27,572/- (തനത് ഫണ്ട്)

ചെലവ് - 1,06,893/- വൗച്ചർ നം. 21700298 തീയതി 25.07.17

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവ.ഐ.റ്റി.ഐ. യുടെ 2017 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വാടകയിനത്തിൽ തനത് ഫണ്ടിൽ നിന്ന് 1,06,893/-രൂപ (35,631*3) കളവങ്കോടം സർവ്വീസ് സഹകരണ ബാങ്ക് നം.895 ന് നൽകിയിട്ടുണ്ട്. കളവങ്കോടം സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ 01.10.2010 മുതൽ 35631/-രൂപ പ്രതിമാസ വാടക നൽകിയാണ് ഗവ.ഐ.റ്റി.ഐ. പ്രവർത്തിക്കുന്നത്. ഗവ. ഐ.റ്റി.ഐ. യ്ക്ക് വാടക നൽകൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപെടുന്നില്ല. പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പും സംരക്ഷണവും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. 05.09.2012 ലെ 44353/എഫ്.എം.2/2012 ത.സ്വ.ഭ.വ നമ്പർ കത്തിൽ 'ഐ.റ്റി.ഐ. ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനമല്ലെന്നും ആയതിനാൽ വാടക നൽകുന്നതിന് അനുവദനീയമല്ലെന്നും എന്നാൽ ഗ്രാമ പഞ്ചായത്ത് വ്യാവസായിക പരിശീലന വകുപ്പുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന കാരണത്താൽ 31.03.2013 വരെയുള്ള വാടക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ പ്രത്യേകം അനുവാദം നൽകുന്നു, പ്രസ്തുത കാലയളവിനുള്ളിൽ വ്യാവസായിക പരിശീലന വകുപ്പ് കെട്ടിടം പണിഞ്ഞിരിക്കണം അല്ലെങ്കിൽ തുടർന്ന് വാടക വ്യാവസായിക പരിശീലന വകുപ്പ് നൽകേണ്ടതാണ്' എന്ന് നിർദ്ദേശം നൽകിയിരുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഗവ.ഐ.റ്റി.ഐ.യ്ക്കായി വ്യവസായ വകുപ്പിന് വിട്ടുകൊടുക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. (സ.ഉ.(ആർ.ടി.)2758/2017/ത.സ്വ.ഭ.വ. തീയതി. 08.08.2017). എന്നാൽ നാളിതുവരെ കെട്ടിടം പണി ആരംഭിച്ചിട്ടില്ല.

13.04.15 ലെ 153572/എഫ്.എം. 2/2015 ത.സ്വ.ഭ.വ.കത്ത് പ്രകാരം തനത് ഫണ്ടിൽ നിന്ന് തുക നൽകുന്നതിന് 2015 മാർച്ച് 31 വരെ മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ടി കത്തിൽ ഐ.റ്റി.ഐ. സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്ന മുൻ നിർദ്ദേശം പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിനുശേഷം 2015-16 മുതൽ 2018 ജൂൺ വരെ വാടകയിനത്തിൽ തുക നൽകിയിട്ടുണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം പരാമർശിച്ചിരുന്നെങ്കിലും ഐ.ടി.ഐ.സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനോ ഗ്രാമ പഞ്ചായത്ത് വാടക സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിനോ നടപടിയെടുത്തിട്ടില്ല. തുടർനടപടികൾ കൈക്കൊള്ളുന്നതിന് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 വയലാർ നോർത്ത് ഗവ. എൽപി സ്കൂളിന് സ്മാർട്ട് ക്ലാസ്സ് റൂം - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം. S 0052/18

അടങ്കൽ 4,00,000/-

ചെലവ് 3,99,989/-

ബിൽ നം. 06/17-18/30-01-2018

എച്ച്.എം നിർവ്വഹണം നടത്തിയ ഈ പദ്ധതിയ്ക്കായി ടെൻഡർ ക്ഷണിച്ചതിൽ കെ.എം. ടെക്നോളജീസ് 1,97,050/-രൂ./യൂണിറ്റും ഫോർകോൺ എന്ന കമ്പനി 194700/- രൂ./യൂണിറ്റുമാണ് ക്വാട്ട് ചെയ്തത്. എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫോർകോണിനെ പരിഗണിക്കാതെ കെ.എം. ടെക്നോളജീസിനെ (1,97,050/-രൂ./യൂണിറ്റ്) വിളിച്ച് നെഗോസിയേഷൻ നടത്തുവാൻ ഭരണസമിതി

ആവശ്യപ്പെട്ടതിൻപ്രകാരം നെഗോസിയേഷൻ നടത്തി. ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു നടപടി സ്വീകരിക്കുവാനാവശ്യപ്പെട്ട് ഭരണസമിതിയുടെ ഒരു കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. നെഗോസിയേഷൻ നടത്തുവാനാവശ്യപ്പെട്ട് എച്ച്.എം, കെ.എം. ടെക്നോളജീസിനയച്ച കത്തിൽ ഒരു യൂണിറ്റിന് 173240/- രൂപയാണ് കമ്പനി രേഖപ്പെടുത്തിയിരിക്കുന്നതെന്ന് പറയുന്നു. അങ്ങനെയൊരു തുക കമ്പനി ക്വാട്ട് ചെയ്തതായി കാണുന്നില്ല. കെ.എം. ടെക്നോളജീസ് ക്വാട്ട് ചെയ്ത തുക യൂണിറ്റൊന്നിന് 1,97,050/-രൂപയാണ്. കെ.എം.ടെക്നോളജീസ് നൽകുന്ന ഉപകരണങ്ങളേക്കാൾ കുറച്ചുകൂടി മെച്ചപ്പെട്ട സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങൾ ഫോർകോൺ വാഗ്ദാനം ചെയ്തിട്ടും ഫോർകോൺ കമ്പനിയെ മാറ്റി നിർത്തിയതെന്തിനെന്ന് വ്യക്തമല്ല.

സ്പെസിഫിക്കേഷനിലുള്ള ചില വ്യത്യാസങ്ങൾ ചുവടെ.

| ക്രമനം. | കെ.എം. ടെക്നോളജീസ് | ഫോർകോൺ |
|---|---|---|
| 1. | Laptop Dual Core processor,<br>2GB RAM, 500GBROM | Laptop i3, 4GB RAM with Bag |
| 2. | Ceramic White Board 80'inch | Ceramic White Board 90'inch |

സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ പുലർത്തേണ്ട ജാഗ്രത ഇവിടെ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08) നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് ഫോർകോൺ ഇ എം ഡിയും മറ്റും നൽകിയിട്ടില്ല എന്നതാണ്. എന്നാൽ അവരെ ഇ എം ഡി നൽകുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ഫയലിലുണ്ട്. നെഗോസിയേഷനിൽ പ്രധാനമായി തീരുമാനിച്ച ഒരു കാര്യം ജെഫേഴ്സൺ ചെയറിനെ സംബന്ധിച്ചുള്ളതാണ്. ചെയറുകൾ 25 ൽ നിന്നും 50 എണ്ണമായി വർദ്ധിപ്പിച്ചു. അതിനായി ക്വട്ടേഷനിൽ 1900/- രൂ. ക്വാട്ട് ചെയ്ത ഒരു ചെയർ, നെഗോഷിയേറ്റ് ചെയ്ത് 1735/- രൂപയ്ക്ക് നൽകാമെന്ന് സമ്മതിച്ച് കത്ത് നല്കിയിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം ഒരു ചെയറിന് 1470/- രൂപയാണ് നൽകിയിട്ടുള്ളത്. 1900/- രൂപയുടേയും, 1470/- രൂപയുടേയും ചെയറുകളുടെ സ്പെസിഫിക്കേഷൻ എവിടേയും സൂചിപ്പിച്ചിട്ടില്ല. അതുകൊണ്ട് തന്നെ വില വ്യത്യാസത്തോടൊപ്പം ചെയറുകളുടെ സ്പെസിഫിക്കേഷനിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് വിലയിരുത്തുവാൻ സാധിക്കുന്നില്ല. 3 KVAUPS നാല് ബാറ്ററിയോട് കൂടിയ യുപിഎസ്സിന്റെ എണ്ണം രണ്ടിൽ നിന്നും ഒന്നാക്കി കുറച്ചു (29440 x 2=58800). അതായത് രണ്ട് ക്ലാസ്സ് റൂമിനും കൂടി ഒരു ബാറ്ററി മാത്രം. രണ്ട് യൂണിറ്റിന് രണ്ട് ബാറ്ററി എന്ന നിലയിലാണ് ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. രണ്ട് യൂണിറ്റിന് ഒരു ബാറ്ററി എന്ന നിലയിലേയ്ക്ക് മാറുമ്പോൾ സ്വഭാവികമായും ബാക്ക് അപ്പ് ടൈമിൽ കുറവ് സംഭവിക്കും. ടെൻഡറിലെ ബാക്ക് അപ്പ് ടൈം 30 മിനുട്ടാണ് അത് 15 മിനുട്ടായി കുറയും. സ്റ്റോർ പർച്ചേസ് മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും, സുതാര്യതയില്ലാതെയുമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. അംഗീകരിച്ച പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ചാണ് നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും കാണാം. പ്രോജക്റ്റ് രൂപീകരണവേളയിൽ ക്രിയാത്മകമായ ചർച്ചകളുടെ അഭാവവും, ദീർഘവീക്ഷണമില്ലായ്മയുമാണ് ഈ അപാകതകൾക്ക് കാരണം. ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പ്രൊക്യൂർമെന്റ് മാനുവലിലെ നിബന്ധനകൾ പാലിക്കാതെ വാങ്ങലുകൾ നടത്തി.

(എ) ടെണ്ടർ ക്ഷണിച്ചിട്ടില്ല

പ്രോജക്റ്റ് നം.S0098/18-പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിട്ടറിംഗ്

ചെലവ്--1,00,000/- (വികസന ഫണ്ട്) ബിൽ നം.30/17-18/17.03.18 46,070/-(തനത് ഫണ്ട്) വൗച്ചർ നം.21701072 തീയതി.23.02.18

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്റ്റിൽ വിവിധ പ്രിന്റിംഗ് പ്രവർത്തികൾ ചെയ്തതിന് ഐശ്വര്യ പ്രിന്റേഴ്സ്, വയലാർ എന്ന സ്ഥാപനത്തിന് 1,46,070/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രിന്റിംഗ് ജോലികൾക്ക് ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/14.11.18) മറുപടി ലഭ്യമാക്കിയില്ല. ജി.ഒ(പി)259/2010 ത.സ്വ.ഭ.വ. 08.11.2010 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായുള്ള മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് ടി ചെലവുകൾ നടത്തിയിരിക്കുന്നത്. ഇത് പൊതുപണത്തിന്റെ ദുർവിനിയോഗമായാണ് കണക്കാക്കുന്നത്.

(ബി) ഏറ്റവും കുറഞ്ഞതുക ക്വാട്ട് ചെയ്ത സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്തില്ല

പ്രോജക്റ്റ് നംS174/18- പഞ്ചായത്ത് ഓഫീസിന് യു.പി.എസ്. വാങ്ങൽ

അടങ്കൽ - 1,20,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്- 1,19,800/- ബിൽ നം. 40/17-18 തീയതി- 24.03.18

സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതിയ്ക്കായി ടെന്റർ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങൾ താഴെ ചേർക്കും പ്രകാരം ടെന്റർ സമർപ്പിച്ചിരുന്നു.

IGA Tech industrial Electronics (P) Ltd—1,29,564/-

Hykon India Ltd _1,33,450/-

ZENSTER power solution Pvt.Ltd _1,20,000/-

ഏറ്റവും കുറഞ്ഞ തുകയായ1,20,000/- രൂപ ക്വാട്ട് ചെയ്ത ZENSTER power solution Pvt.Ltd എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കാതെ IGA Tech industrial Electronics (P) Ltd എന്ന സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്ത് 200/-രൂപയുടെ വ്യത്യാസത്തിൽ 1,19,800/- രൂപയുടെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. ജി.ഒ.(പി) 259/2010 ത.സ്വ.ഭ.വ. 08.11.2010 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായുള്ള മാർഗ്ഗരേഖ പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനവുമായി വേണം നെഗോഷിയേഷൻ നടത്തേണ്ടത്.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം.19/14.11.18). പ്രൊക്യൂർമെന്റ് മാനുവലിലെ നിബന്ധനകൾ പാലിക്കാതെ ഇപ്രകാരം ക്വട്ടേഷൻ അംഗീകരിച്ചത് ക്രമ പ്രകാരമല്ല. നടപടിക്രമങ്ങളിൽ സുതാര്യത പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(സി) സമാന സ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങാൻ വിവിധ ക്വട്ടേഷനുകൾ

സ്ഥാപനത്തിന്റെ ഓരോ വർഷത്തെയും ആവശ്യകത നിർണ്ണയിച്ച ശേഷം അതിനനുസരിച്ചുള്ള വാങ്ങലുകൾ ആണ് നടത്തേണ്ടത്. എന്നാൽ പഞ്ചായത്ത് വാങ്ങലുകൾ നടത്തിയിരിക്കുന്നത് ഇപ്രകാരമല്ല എന്ന് താഴെപ്പറയുന്ന പ്രോജക്റ്റുകളിൽ നിന്നും വ്യക്തമാകുന്നു.

(A) പ്രോജക്റ്റ് നം. S65/18- പഞ്ചായത്ത് ഓഫീസിന് ഹൈസ്പീഡ് സ്കാനർ വാങ്ങൽ

അടങ്കൽ- 1,35,185/- (വികസന ഫണ്ട്) 64,815 (തനത് ഫണ്ട്)

ചെലവ് 1,35,185/- ബിൽ നം. 35/17-18 തീയതി 12.02.18 ആകെ ചെലവ്-1,37,500/-

2315/-വൗച്ചർ നം.21701035/ 19-02-18

Cannon Drm 1060 -137500/-(Marikar motors Ltd)

Toshiba studio 3008A -164000/-(Avlon systems&services)

Cannon Drm 1060 - 144900/-(Alfanet system)

Marikar motors Ltd എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ ടെണ്ടർ അംഗീകരിച്ചു.

(B) പ്രോജക്ട് നം. S175/18-പഞ്ചായത്ത് ഓഫീസിന് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ

അടങ്കൽ -1,05,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് -98500/- ബിൽ നം.36/17-18 തീയതി.24.03.18 ആകെ ചെലവ്-1,05,000/-

6500/- ബിൽ നം.39/17-18 തീയതി.24.03.18

Sharp MXM 315N (K M Technologies) -117000/-

Toshiba 3008A (Avlon system) -121800/-

KYOCERA TASKalfa MFD DIGITAL COPIER Model 2200 R J Enerprices) -113500/-

Toshiba E studio 3008A(Futura Automation) - 106000/-

മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് പ്രൊജക്റ്റുകൾ വഴിയും വാങ്ങൽ നടത്തിയിരിക്കുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ ഒന്നു തന്നെയാണെന്ന് രണ്ട് ടെണ്ടറുകളും പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. കൂടാതെ രണ്ടാമത്തെ പർച്ചേസിൽ ഫോട്ടോകോപ്പി എടുക്കുന്നതിനായി വാങ്ങിയ Toshiba E studio 3008A മെഷിൻ ഉപയോഗിച്ച് സ്കാനിംഗ് നടത്തുകയുമാവാം. അതായത് 137500/- രൂപയ്ക്ക് 28-10-2017 ലെ ടെണ്ടർ പ്രകാരം വാങ്ങിയ കാനൺ മെഷീനെക്കാൾ പഞ്ചായത്തിന് പ്രയോജനപ്രദമാവുക ഇതിനേക്കാൾ 31500/-രൂ. കുറവ് വിലയുള്ളതും, ഇതേ സ്പെസിഫിക്കേഷനുള്ളതുമായ Toshiba E studio 3008A എന്ന മെഷീനാണ്. രണ്ടാമത്തെ ടെണ്ടർ ലഭിച്ചത് 17-02-2018 ലാണ്. രണ്ട് മാസത്തെ ഇടവേളയിൽ സമാനസ്വഭാവമുള്ള ഉപകരണങ്ങൾ വാങ്ങാൻ വ്യത്യസ്ത ടെണ്ടർ ക്ഷണിച്ചതു വഴി പഞ്ചായത്തിന് നഷ്ടമായത് 31500/- രൂപ.

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷയും അതോടൊപ്പമുള്ള രേഖകളും സ്കാൻ ചെയ്ത് പഞ്ചായത്തിലെ മറ്റ് സെക്ഷനുകളിൽ ലഭ്യമാക്കി അപേക്ഷകനെ സംബന്ധിച്ച എല്ലാ വിശദാംശവും സിസ്റ്റത്തിൽ സേവ് ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു ഈ വാങ്ങൽ നടത്തിയത്. എന്നാൽ ഈ ഉദ്ദേശ്യത്തോടൊപ്പം കാനൺ ഫോട്ടോകോപ്പിയർ ഫ്രണ്ട് ഓഫീസിൽ പൊടിപിടിച്ച് കിടക്കുന്നു. ഇപ്പോഴും ഫയലുകളുടെ കാര്യത്തിൽ ഹാർഡ് കോപ്പി സിസ്റ്റം തന്നെയാണ് പിൻതുടർന്ന് പോരുന്നത്.

(C) ഇതു കൂടാതെ 2,73,000/- രൂ. അടങ്കലിൽ, തയ്യാറാക്കിയ പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ, പ്രിന്റർ എന്ന പദ്ധതി പ്രകാരം (നം.S0019/18) 67800/- രൂ. ചെലവു ചെയ്ത് നാല് പ്രിന്ററുകൾ വാങ്ങിയിട്ടുണ്ട്. മിനുട്ടിൽ 30 ൽപ്പരം കോപ്പിയെടുക്കാൻ സൗകര്യമുള്ള പഞ്ചായത്തിലെ ഫോട്ടോകോപ്പിയറിലേക്ക് ഓഫീസിലെ കമ്പ്യൂട്ടറുകളെല്ലാം നെറ്റ് വർക്ക് ചെയ്യാൻ സൗകര്യമുണ്ട്. അങ്ങനെ ചെയ്തിട്ടുമുണ്ട്. വീണ്ടും 67,800/-രൂപ ചെലവഴിച്ച് ചെറിയ 4 പ്രിന്ററുകൾ കൂടി വാങ്ങിയത് ആവശ്യകതയ്ക്ക് അനുസരിച്ചാണോ എന്ന് വ്യക്തമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.29/16.11.18) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ആവർത്തനച്ചെലവ് ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-10 അസിസ്റ്റന്റ് സെക്രട്ടറി പദ്ധതി തുക തിരികെ അടവാക്കിയത് - പലിശ സി.ഡി.എസ് അക്കൗണ്ടിൽ നിന്നു നൽകി

സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 15.03.2017-ലെ യോഗ നടപടിക്രമം പ്രകാരം 22 എസ്.ടി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്നതിനുള്ള പ്രോജക്ട് വയലാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ പ്രകാരം സി.ഡി.എസ് മുഖേന നടത്തുന്നതിന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ (ടി.എസ്.പി) നിന്നും വകയിരുത്തിയ (പ്രോജക്ട് നം.209/17) 58900 രൂപ 30.03.2017-ൽ ട്രഷറിയിൽനിന്ന് പിൻവലിച്ച് 01.04.2017 -ൽ വയലാർ കോർപ്പറേഷൻ ബാങ്കിലുള്ള സി.ഡി.എസ് അക്കൗണ്ടിൽ (A/c No. 023000101005736) നിക്ഷേപിച്ചു. 23.05.2017-ൽ ചെക്ക് നം. 151219/17.05.17പ്രകാരം അസി.സെക്രട്ടറി 30000രൂപ പിൻവലിച്ചെങ്കിലും യാതൊരുവിധ പ്രവർത്തനങ്ങളും നടത്തിയില്ല. കുടിവെള്ള കണക്ഷൻ ലഭിച്ചില്ലെന്ന് 24.10.2017-ൽ കൂടിയ ഊരുകൂട്ടത്തിൽ ഗുണഭോക്താക്കൾ പരാതിപ്പെട്ടതിനെ തുടർന്ന് തുക പലിശസഹിതം 33600 രൂപ അസിസ്റ്റന്റ് സെക്രട്ടറി 25.10.2017-ൽ സി.ഡി.എസ് അക്കൗണ്ടിൽ തിരിച്ചടച്ചു. പിന്നീട് 58900 രൂപ 18% പലിശ സഹിതം 74803 രൂപ (58900+15903) 03.10.2018-ൽ തിരികെ സർക്കാരിലേക്ക് അടച്ചു. എന്നാൽ 58900 രൂപയുടെ 18% പലിശ (3360 രൂപ ഒഴികെ)സി.ഡി.എസ് അക്കൗണ്ടിൽ നിന്നും പിൻവലിച്ചാണ് സർക്കാരിലേക്ക് അടച്ചിട്ടുള്ളത്. കോർപ്പറേഷൻ ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ടിൽ 01.04.2017 മുതൽ 30.09.2017 വരെ 4 ശതമാനം പലിശയും 01.10.2017 മുതൽ 3.5% പലിശയുമാണ് എസ്.ബി.അക്കൗണ്ടുകൾക്ക് നൽകുന്നത്. ഇതനുസരിച്ച് സി.ഡി.എസ് അക്കൗണ്ടിൽ ലഭിക്കാവുന്ന പലിശ ചുവടെ ചേർക്കുന്നു.

11.04.2017 – 30.09.2017 173 ദിവസം 1132 രൂപ

01.10.2017 – 03.10.2018 1 വർഷം 2062 രൂപ

(-) 30000 രൂപയുടെ പലിശ 23.05.2018 – 25.10.2017 5മാസം 625 രൂപ

ആകെ - 2569 രൂപ

ഇതനുസരിച്ച് സി.ഡി.എസ് അക്കൗണ്ടിൽ നിന്നും പലിശയിനത്തിൽ 9974 രൂപ (15903-2569= 13334 13334-3360 = 9974 രൂപ) നഷ്ടമായി. തുക സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപിച്ചതിനുശേഷം പദ്ധതി പ്രവർത്തനങ്ങൾ നടത്താതെ ഫണ്ട് നഷ്ടപ്പെടുത്തിയിന്റെ കാരണം അറിയിക്കുവാനും സി.ഡി.എസ് അക്കൗണ്ടിൽ പലിശയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുവാനും പ്രോജക്ടും ഫയലും പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/09.11.2018) മറുപടി ലഭ്യമാക്കിയില്ല. 9974/- രൂപ സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപിച്ചതിനുശേഷം പദ്ധതി പ്രവർത്തനങ്ങൾ നടത്താതെ ഫണ്ട് നഷ്ടപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി സി.ഡി.എസ് അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

2016-17 വർഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജപ്പാൻ കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ (പ്രോജക്ട് നം. 106/17) എന്ന പ്രോജക്ട് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നേരിട്ടും സി.ഡി.എസ്. മുഖേനയും രണ്ടു പ്രോജക്ടുകൾ ആവിഷ്കരിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 3-11 ഡെപ്പോസിറ്റ് വർക്കുകൾ - വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിക്കപ്പെടുന്നില്ല - 57.75 ലക്ഷം രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു

ഗ്രാമ പഞ്ചായത്ത് 2014-15 വർഷം എസ്.സി.വിഭാഗത്തിന് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി 1530000 രൂപ 02.03.2015-ലെ 133669 നമ്പർ ഡി.ഡി പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിരുന്നു. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലൈൻ എക്സ്റ്റെൻഷനായി യാതൊരു പ്രവർത്തനങ്ങളും നടത്തിയില്ല. നിലവിൽ ലൈൻ എക്സ്റ്റെൻഷൻ ആവശ്യമില്ലാത്ത സാഹചര്യത്തിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 250 എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് എടുത്ത് പ്രോജക്ട് നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, ആലപ്പുഴയോട് 21.03.2017-ലെ 15(1) തീരുമാന പ്രകാരം അഭ്യർത്ഥിച്ചു. ഈ പ്രവൃത്തിയും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഈ തുക ക്രമീകരിക്കാതെ തന്നെ തുടർന്നുള്ള വർഷങ്ങളിലും ലക്ഷങ്ങൾ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ജനങ്ങൾക്ക് പ്രയോജനപ്രദമാകേണ്ട പദ്ധതിപ്പണം യാതൊരു കണക്കുമില്ലാതെ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുകയും സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുകയും ചെയ്യുന്ന ഖേദകരമായ അവസ്ഥയാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. 2014-15 മുതൽ 2017-18 വരെ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | പ്രോജക്ട് | നിർവ്വഹണം | തുക |
|---|---|---|---|---|
| 1 | 2014-15 | എസ്.സി.കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | അസിസ്റ്റന്റ് സെക്രട്ടറി | 1530000 |
| 2 | 2014-15 | കുന്തറ പ്രദേശം, പുത്തൻപുരയ്ക്കൽ പ്രദേശം എസ്.സി കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | അസിസ്റ്റന്റ് സെക്രട്ടറി | 400000 |
| 3 | 2014-15 | വയലാർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | സെക്രട്ടറി | 1620000 |
| 4 | 2015-16 | ജപ്പാൻ കുടിവെള്ള പദ്ധതി ഗാർഹിക കണക്ഷൻ (എസ്.സി) വാട്ടർ അതോറിറ്റിയിൽ മുൻകൂർ പണം അടയ്ക്കുന്നതിന് | അസിസ്റ്റന്റ് സെക്രട്ടറി | 1413000 |
| 5 | 2016-17 | ജപ്പാൻ കുടിവെള്ള കണക്ഷൻ(എസ്.സി) വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് | അസി. സെക്രട്ടറി | 500000 |

| | | | | |
|---|---|---|---|---|
| | | | | |
| 6 | 2016-17 | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | സെക്രട്ടറി | 311500 |
| | | ആകെ | | 5774500 |

2014-15 മുതൽ 2017-18 വരെ വിവിധ കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2017-18 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-18

(advance to implementing agencies) പ്രകാരം 311500 രൂപ മാത്രമാണ് കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗിക്കാൻ അവശേഷിക്കുന്നത്. 2014-15 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ പ്രസ്തുത പ്രോജക്ടുകൾക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിക്കാതിരുന്നിട്ടും ഇതു സംബന്ധിച്ച കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിക്കുകയോ വാർഷികകണക്കിൽ അഡ്വാൻസായി കാണിക്കുകയോ ചെയ്തിട്ടില്ല. വാട്ടർ അതോറിറ്റി ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാതെ വീണ്ടും തുക നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രോജക്ടുകളുടെ നിർവ്വഹണം നിരീക്ഷിക്കുയോ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്ത് വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി നിക്ഷേപിച്ച തുകയിൽ 400000 രൂപ ബാലൻസുള്ളതായി വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് കമ്മറ്റിയിടെ പ്രസ്തുത തീരുമാനത്തിൽ പറയുന്നുണ്ട്. എന്നാൽ ഇത് ഏത് പ്രോജക്ടിന്റെ തുകയാണെന്നുള്ള വിവരമോ ഈ തുക ക്രമീകരിക്കുകയോ തിരികെ ലഭിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന വിവരമോ പഞ്ചായത്തിൽ ലഭ്യമല്ല. പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിനും അല്ലാത്ത പക്ഷം തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുന്നതിനുമായി ഭരണസമിതിയുടേയും ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 വാട്ടർ അതോറിറ്റിക്ക് കൈമാറിയ സ്ഥലം തിരികെ ലഭിച്ചിട്ടില്ല

വയലാർ ഗ്രാമ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് കിടക്കുന്ന പഞ്ചായത്ത് വക സ്ഥലം വാട്ടർ ടാങ്കിനും പമ്പ് ഹൗസ് നിർമ്മാണത്തിനുമായി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിരുന്നു. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കുടിവെള്ളം ലഭ്യമായി തുടങ്ങിയതോടെ ഈ ടാങ്ക് ഉപയോഗശൂന്യവും പമ്പ് ഹൗസ് ഇടിഞ്ഞുപൊളിഞ്ഞ് തകർന്ന് വീണ അവസ്ഥയിലുമാണ്. വാട്ടർ ടാങ്കിന്റെ തൂണുകൾ ദ്രവിച്ച് വീഴാറായ അവസ്ഥയിലാണ്. തൊട്ടടുത്തായി പഞ്ചായത്ത് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നതിനാൽ ഈ ടാങ്ക് മറിഞ്ഞുവീണാൽ വലിയ അപകടമുണ്ടാകാൻ സാധ്യതയുള്ളതാണ്. പഞ്ചായത്തിന് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിൽ പലതിനും ഇപ്പോഴും കെട്ടിടങ്ങളില്ലാത്തതിനാൽ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. മൃഗാശുപത്രി കെട്ടിടത്തിന്റെ 2017-18 വർഷത്തെ വാടകയിനത്തിൽ 55188 രൂപയും ഹോമിയോ ആശുപത്രിയുടെ വാടകയിനത്തിൽ 52548 രൂപയും ചെലവ് വന്നിട്ടുണ്ട്. പൊതുഭരണവും ധനകാര്യവും മേഖലയിലുള്ള സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന സ്ഥലത്ത് വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്ക് നിൽക്കുന്ന ഉപയോഗശൂന്യമായ സ്ഥലം തിരിച്ചുപിടിച്ച് ഓഡിറ്റോറിയം പണിത് വരുമാനം

കണ്ടെത്താവുന്നതാണെന്നുള്ള നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. പൊതുജനാരോഗ്യപ്രദമായ രീതിയിൽ ഒരു ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് വിട്ടുനൽകിയിട്ടുള്ള സ്ഥലം തിരികെ ലഭിക്കുന്നതിന് ബഹു.സർക്കാരിനും ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്കും പ്രിൻസിപ്പൽ സെക്രട്ടറിക്കും അപേക്ഷ നൽകിയിട്ടുള്ളതായി 09.01.2018-ലെ മിനിട്സിൽ കാണുന്നു. ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുവാനും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/12.11.2018) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 പി.എച്ച്.സി.യുടെ മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റിവ് കെയർ എന്നീ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം./ തുക, തീയതി | ലഭിച്ച മരുന്നുകളുടെ ഇൻവോയിസ് നം./തീയതി, തുക | മരുന്ന് ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| S55/18പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന്,ലാബ് ഇനങ്ങൾ | 7/17-18,Rs.2,00,000/- 31.10.17 | ഇല്ല. | 2,00,000/- |
| | 16/17-18, Rs.1,00,000/-15.02.18 | PRF6848/18.08.18 3376/- PRF6850/18.08.18 14,609/- PRF6849/18.08.18 11,093/- PRF6847/18.08.18 3,563/- | 67,359/- |
| S57/18 ഗൃഹ കേന്ദ്രീകൃത പരിചരണം | 6/17-18, Rs.74,668/- 31.10.17 | ഇല്ല. | 74,668/- |
| ആകെ | | | 3,42,027 |

മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി

(A) വെറ്ററിനറി സർജൻ നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

എ. പ്രോജക്ട് നം.158/18 മുട്ടക്കോഴി വളർത്തൽ(ജനറൽ)

അടങ്കൽ- 1,00,000/- (വികസന ഫണ്ട്) 1,00,000/- (ഗുണഭോക്തൃവിഹിതം)

ചെലവ്- 36,500/- ബിൽ നം. 4/17-18 തീയതി.20.02.18

36,500/-ഗുണഭോക്തൃവിഹിതം

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾ

1. റഹമത്ത്, മണിയേഴത്ത് കോളനി, വാർഡ് 4
2. പാത്തുമ്മ, പടിഞ്ഞാറെ കൊച്ചുപറമ്പ്, വാർഡ് 4
3. റഹമത്ത്, കല്ലറയ്ക്കൽ, വാർഡ് 4
4. റഹമത്ത് ബീവി, ആമിന മൻസിൽ, വാർഡ് 4
5. പ്രിയസജി, പുത്തൻവെളി, വാർഡ് 4
6. സതി, കാട്ടുങ്കൽനികർത്ത്, വാർഡ് 5
7. ത്രേസ്യാമ്മ, പുളിത്തറപുത്തൻതറ, വാർഡ് 16
8. മോളി, ജോസ്വില്ല, വാർഡ് 16
9. ഉഷ, വടക്കേകൈതവേലി, വാർഡ് 16
10. സിന്ധു, കൊന്നത്തറ, വാർഡ് 16
11. മീന, പുന്നശ്ശേരിനികർത്ത്, വാർഡ് 16
12. ഐഷ, കൈതവേലിൽ, വാർഡ് 16

(ബി) പ്രോജക്ട് നം.S141/18-ആട്ടുവളർത്തൽ(ജനറൽ)

അടങ്കൽ- 3,00,000/- (വികസന ഫണ്ട്) 3,00,000/- (ഗുണഭോക്തൃവിഹിതം)

ചെലവ്- 52,200/- ബിൽ നം. 8/17-18 തീയതി.15.03.18

52,200/-ഗുണഭോക്തൃവിഹിതം
ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർ

ഓമന, ചിറയിൽ, വാർഡ് 2

(സി) S142/18-കിടാരി വിതരണം(ജനറൽ)

അടങ്കൽ- 3,00,000/- (വികസന ഫണ്ട്) 3,00,000/- (ഗുണഭോക്തൃവിഹിതം)

ചെലവ്- 50,000/- ബിൽ നം. /17-18 തീയതി.15.03.18

50,000/-ഗുണഭോക്തൃവിഹിതം
ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർ

ആന്റണി, ഓണിയേഴത്ത്, വാർഡ് 2

മുട്ടക്കോഴി വളർത്തൽ, ആട്ടുവിതരണം, കിടാരി വിതരണം എന്നീ പദ്ധതികൾക്ക് ഗ്രാമസഭ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ, ഗുണഭോക്തൃവിഹിതം അടയ്ക്കുവാൻ തയ്യാറായ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയാണ് ചെയ്തിരിക്കുന്നത് (09.03.18 ലെ തീരുമാനം നം. 2(1)). ഇത് നിയമാനുസൃതമല്ല. പുതിയതായി ഉൾപ്പെടുത്തിയ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം തേടിയിട്ടുമില്ല. ഒരിക്കൽ ഗ്രാമസഭയിൽ ചർച്ചചെയ്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് യാതൊരു കാരണവശാലും മാറ്റം വരുത്തുവാൻ പാടില്ല. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 എസ്സ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം - സ്റ്റോക്ക്, വിതരണ രേഖകളില്ല

പ്രോജക്റ്റ് നം. S 0134/18

അടങ്കൽ 12,000/-

ചെലവ് 10500/-

ബിൽ നം. 24/17-18(6100/-) 26/17-18(4400/-)(20-02-2018)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ 5 എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് പഠന സഹായം നൽകിയിട്ടുള്ളത്. യൂണിഫോമും, മറ്റ് പഠനോപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും ഇവ സ്റ്റോക്കിൽ എടുത്തതായോ, വിതരണം നടത്തിയതായോ രേഖകളില്ല. 09-02-18 ലാണ് പഠനോപകരണങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് വ്യാപാരികൾക്ക് സാധനങ്ങളുടെ ലിസ്റ്റ് കൈമാറുന്നത്. അതുകഴിഞ്ഞ് ഒരു മാസത്തിനു ശേഷം അതായത് മാർച്ച് മാസത്തിലാണ് കുട്ടികൾ സ്കൂൾ രേഖകൾ ഹാജരാക്കിയിട്ടുള്ളത്. 2018 ഏപ്രിൽ മാസം ഹാജരാക്കിയ രേഖകളും ഫയലിലുണ്ട്. അതായത് 2017-18 അദ്ധ്യായന വർഷം അവസാനിക്കുമ്പോഴും 2017-18ലെ പദ്ധതി നടപ്പായിട്ടില്ല എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 28 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ തുക 10500/- രൂ. തടസ്സപ്പെടുത്തുന്നു.

## 3-16 പത്ത്/പന്ത്രണ്ടാം തരം തുല്യത - ചെലവ് സാധൂകരിക്കുന്നതിനാവശ്യമായ രേഖകളില്ല

പ്രോജക്റ്റ് നം. S 0053/18

അടങ്കൽ 1,50,000/-

ചെലവ് 86800/-

ബിൽ നം. 02/17-18/25-10-2017

എച്ച്.എം നിർവ്വഹണം നടത്തിയ പത്ത്/പന്ത്രണ്ടാം തരം തുല്യത എന്ന പദ്ധതിയിൽ പന്ത്രണ്ടാം ക്ലാസ്സിൽ 32 പേരും, പത്താം ക്ലാസ്സിൽ 8 പേരും ഉൾപ്പെടെ ആകെ 40 ഗുണഭോക്താക്കളാണ് ഉള്ളത്.

ഇവർക്കായി 86800/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു.

ഈ ഗുണഭോക്താക്കൾ ക്ലാസ്സിൽ പങ്കെടുത്തതായോ, ഇവർക്ക് ക്ലാസ്സ് നടത്തിയതായോ ഉള്ള വിവരങ്ങളൊന്നും തന്നെ ഫയലിലില്ല. പഠനം നടന്നതിന്റേയോ, പരീക്ഷ എഴുതിയതിന്റേയോ രേഖകളും ഹാജരാക്കിയിട്ടില്ല. രജിസ്ട്രേഷന് നൽകാൻ വേണ്ടി തയ്യാറാക്കിയ അപേക്ഷാ ഫോമുകളിൽ പല കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. പരീക്ഷാർത്ഥി രജിസ്ട്രേഷനു വേണ്ടി സമർപ്പിക്കുന്ന അപേക്ഷാ ഫോറങ്ങളിൽ പേരെഴുതി ഒപ്പു വെയ്ക്കുകയോ, ഫോട്ടോ പതിപ്പിയ്ക്കുകയോ ചെയ്തിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 07 ന് മറുപടിയോടൊപ്പം ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമായ ഒരു ലിസ്റ്റ് കൂടി സമർപ്പിച്ചിട്ടുണ്ട്. അതിൽ രജിസ്ട്രേഷൻ നടത്തിയവർ 41 പേരുണ്ട്. ഫയൽ പ്രകാരം പന്ത്രണ്ടാം ക്ലാസ്സിൽ 32 പേരും, പത്താം ക്ലാസ്സിൽ 9 പേരും ഉൾപ്പെടെ 40 പേരാണ് ഗുണഭോക്താക്കൾ എന്നിരിക്കെ 41 പേർ രജിസ്ട്രേഷൻ നടത്തിയതെങ്ങനെയെന്ന് വ്യക്തമല്ല. ഇങ്ങനെയുള്ള വൈരുദ്ധ്യങ്ങൾ നിരവധി ഫയലിൽ കാണുന്നുണ്ട്. ആയതിനാൽ തുടർവർഷങ്ങളിൽ ഈ പദ്ധതി നടപ്പാക്കുമ്പോൾ ഇത്തരത്തിലുള്ള പ്രവണതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-17 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം. S 0049/18

അടങ്കൽ 64,000/-

ചെലവ് 29995/-

ബിൽ നം. 05/17-18/25-01-2018

പഞ്ചായത്ത് പ്രദേശത്തെ യുവാക്കളുടെ കായിക ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് എച്ച്.എം നിർവ്വഹണം നടത്തിയ ഈ പദ്ധതിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

03.04.2017-ലെ സ.ഉ(എം.എസ്)80/2017 സബ്സിഡി മാർഗ്ഗരേഖ പ്രകാരം എല്ലാ ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിച്ച്, തെരഞ്ഞെടുക്കുന്ന ഓരോ ക്ലബ്ബുകളിൽ നിന്നും അവർക്കാവശ്യമുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് കൂടി അപേക്ഷയോടൊപ്പം വാങ്ങിയ ശേഷം, ഇവ ക്രോഡീകരിച്ച് ഒരു ക്ലബ്ബിന് 2000/- രൂപയിൽ അധികരിക്കാത്ത തരത്തിൽ, ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി ഉപകരണങ്ങൾ വാങ്ങി നൽകണം. യുവജന ക്ലബ്ബുകളുടെ ഏകോപന സമിതി രൂപീകരിച്ച്, ഈ സമിതിയുമായി കൂടിയാലോചിച്ച് കിറ്റിൽ ഉൾപ്പെടുത്തേണ്ട സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇതിനു ശേഷം നിശ്ചയിക്കപ്പെട്ട വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വിതരണം നടത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ യുവജന ക്ലബ്ബുകളുടെ ഏകോപന സമിതി രൂപീകരിച്ചിട്ടില്ല. ഓരോ ക്ലബ്ബുകളുടെയും ആവശ്യകത എന്തെന്ന് അറിയിച്ചിട്ടില്ല. ആവശ്യകത അറിയാതെ എങ്ങിനെയാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും വ്യക്തമല്ല. അതുപോലെ, ക്ലബ്ബുകൾ ഹാജരാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളെല്ലാം തന്നെ പത്തും, പതിനഞ്ചും അതിലധികമോ വർഷങ്ങൾ പഴക്കമുള്ളവയാണ്. യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ ഈ ക്ലബ്ബുകൾക്ക് രജിസ്ട്രേഷൻ നിലവിലുണ്ടോ എന്ന് പോലും സംശയമാണ്. ഇതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (6) മറുപടിയിൽ ഏകോപന സമിതി രൂപീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 ഹരിത കർമ്മസേന - ചെലവ് തടസ്സപ്പെടുത്തുന്നു

ഹരിത കർമ്മ സേനാംഗങ്ങൾക്കായി ജനവരി 4, 5, തീയതികളിൽ നടന്ന ട്രെയിനിംഗിന് ഭക്ഷണം നൽകിയ വകയിൽ 5200 രൂപ (വൗച്ചർ നം. 21700804 ചെക്ക് നം. 181467/09.01.2018) തനതുഫണ്ടിൽ നിന്നും ശ്രീ. മനോജ് എം.സി, കുചേലത്ത് ഹോട്ടൽ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഏത് സ്ഥാപനമാണ് പരിശീലനം നടത്തിയതെന്നുള്ള വിവരമോ പരിശീലനം നടത്തിയ വകയിൽ ഫീസ് നൽകിയതായോ കാണുന്നില്ല. മാത്രമല്ല, ഹരിതകേരളം ഗാർഹിക മാലിന്യ സംസ്കരണം വിലയിരുത്തൽ ഫോറം 9000 എണ്ണം അച്ചടിച്ചതിന് 12600 രൂപ (വൗച്ചർ നം. 21701073, ചെക്ക് നം. 1775661/23.02.2018) ഐശ്വര്യ പ്രിന്റേഴ്സിനും നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി ഹരിതസേനാംഗങ്ങൾ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. കളക്ഷൻ സെന്റർ ഇതുവരെ നിർമ്മിച്ചിട്ടില്ല. പ്ലാസ്റ്റിക് ശേഖരണമോ സംസ്കരണമോ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഫോറം പ്രിന്റ് ചെയ്തതിന്റെ ആവശ്യകതയും വിശദീകരിക്കപ്പെട്ടിട്ടില്ല. വിലയിരുത്തൽ നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും ഹരിത കർമ്മ സേന നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളൊന്നും നടത്താത്ത സാഹചര്യത്തിൽ മേൽ തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. 17800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

പ്രോജക്ട് നം. S0098/18

പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും വേണ്ടി തയ്യാറാക്കിയ ഈ പ്രോജക്ടിന്റെ അടങ്കൽ, 100000 രൂപ വികസനഫണ്ടും 100000 രൂപ തനതുഫണ്ടും ഉൾപ്പെടെ 200000 രൂപയാണ്. ഈ പ്രോജക്ടിനായി വികസനഫണ്ട് 100000/-രൂപയും (ബിൽ നം.30/17-18/17.03.2018) തനതുഫണ്ട് 46070 രൂപയും (വൗച്ചർ.21701072) ഉൾപ്പെടെ 146070/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിരേഖയും നോട്ടീസുകളും അപേക്ഷാ ഫോറങ്ങളും പ്രിന്റ് ചെയ്ത ഇനത്തിൽ ഐശ്വര്യ പ്രിന്റേഴ്സ്, വയലാർ എന്ന സ്ഥാപനത്തിന് നൽകിയ തുകയാണിത്. 29.03.2017 - ലെ ജി.ഒ.(എം.എസ്.)72/17 ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്കായാണ് ഈ പേരിലുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ഈ ചെലവുകൾക്കായി ഒരു പ്രോജക്ടാണ് തയ്യാറാക്കുന്നതെങ്കിലും ഓരോ പ്രവർത്തനങ്ങളുടേയും കണക്കുകൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പ്രോജക്ട് തയ്യാറാക്കുകയും ഭൂരിഭാഗം ചെലവുകളും പ്രോജക്ടിൽപ്പെടുത്താതെ തനതുഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഗ്രാമ സഭ, ഊരുകൂട്ടം, വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി സംഘാടന ചെലവുകൾ, ടെൻഡർ ചെലവുകൾ, സ്റ്റേഷനറി ചെലവുകൾ മുതലായവ തനതുഫണ്ടിൽ നിന്നും നൽകിയത് കണക്കാക്കിയാൽ ഈ പ്രോജക്ടിൽ വകയിരുത്തിയ തുകയേക്കാൾ അധികം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽപ്പെടുത്താതെ ചെലവഴിച്ച ചില ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവ് | തുക | ചെക്ക് നം/തീയതി |
|---|---|---|---|
| 1 | ഗ്രാമസഭ ചെലവ് | 16000 | 25149-25164<br>17.05.17 |

| | | | |
|---|---|---|---|
| 2 | “ | 16000 | 28998- 29013<br>02.09.2017 |
| 3 | വികസന സെമിനാറിന് ഭക്ഷണം | 18750 | 164656/30.06.2017 |
| 4 | വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന് ചായ ലഘുഭക്ഷണം | 16030 | 34235/25.01.2018 |
| 5 | ടെൻഡർ പരസ്യം | 6711 | 34183/14.11.2017 |
| 6 | “ | 6804 | 034224/03.01.2018 |
| | ആകെ | 80295 | |

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം മൊത്തത്തിലുള്ള ചെലവുകൾക്കായി പ്രോജക്ട് തയ്യാറാക്കുകയും ചെലവുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 3-20 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ -രേഖകൾ അപൂർണ്ണം

അടങ്കൽ 60000/-

ചെലവ് 23880/-

ബിൽ നം. 4/17-18/22-01-2018

എച്ച്.എം നിർവ്വഹണം നടത്തിയ ഈ പദ്ധതിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളൊന്നും തന്നെ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ചിരുന്ന പ്രാർത്ഥന ട്രേഡേഴ്സിന് സപ്ളൈ ഓർഡർ നൽകിയെന്നും എന്നാൽ സാധനങ്ങൾ സപ്ളൈ ചെയ്യുന്നതിൽ നിന്നും അവർ ഏകപക്ഷീയമായി പിൻമാറിയെന്നും കാണിച്ച് എച്ച്.എം ഭരണസമിതിയ്ക്ക് 18-08-2017 ൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ചിരുന്ന കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ ഭരണസമിതി അനുമതി നൽകി. സാധനങ്ങൾ വിതരണം നടത്താതിരുന്ന പ്രാർത്ഥന ട്രേഡേഴ്സിന്റെ നിരതദ്രവ്യം തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാവുന്നതാണ്. ആയത് മുതൽ കൂട്ടിയെങ്കിൽ അതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അതുപോലെ ഗുണഭോക്താക്കൾ ടി ആനുകൂല്യം നേരത്തെ മറ്റ് വകുപ്പുകളിൽ നിന്നും കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 05 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക 23880/-രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

1. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പഞ്ചായത്തിനെ മുഴുവൻ ഏകഘടകമായി കണ്ടുകൊണ്ട് റോഡിന്റെ

അതാതു സമയത്തെ ആവശ്യകത അനുസരിച്ച് മുൻഗണനാക്രമം തയ്യാറാക്കി അതിൽ നിന്നും പ്രവൃത്തികൾ തിരഞ്ഞെടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. <u>മോണിറ്ററിംഗ് ഫലപ്രദമല്ല</u>

29.03.2017 - ലെ ജി.ഒ.(എം.എസ്.)72/17 ഉത്തരവ് പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. പ്രോജക്ടുകളുടെ നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുകയോ പ്രോജക്ടിന്റെ നിർവ്വഹണം വിലയിരുത്തുകയോ ചെയ്യുന്നില്ല.

3. <u>മത്സര സ്വഭാവമുള്ള ടെൻഡറുകൾ ലഭിക്കുന്നില്ല</u>

മിക്ക പ്രവൃത്തികൾക്കും ടെൻഡർ ക്ഷണിക്കുമ്പോൾ കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ടെൻഡറുകൾ ലഭിക്കുന്നില്ല. ടെൻഡറും റീടെൻഡറും ക്ഷണിച്ചിട്ടും കരാറുകാരെ ലഭിക്കാത്തതിനാൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി നടത്തുന്നതായും കാണുന്നു. പ്രവൃത്തി ഏറ്റെടുക്കുന്നതിൽ കരാറുകാരുടെ ഭാഗത്തുനിന്നുള്ള വിമുഖതയുടെ കാരണം കണ്ടെത്തി പരിഹാരനടപടികൾ കൈക്കൊള്ളുന്നതിനായി ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

4. <u>കരാറുകളിൽ പൂർത്തീകരണകാലാവധി രേഖപ്പെടുത്തുന്നില്ല</u>

പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരും ഗുണഭോക്തൃസമിതിയും ഗ്രാമ പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ പൂർത്തീകരണകാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാനും പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർ/ ഗുണഭോക്തൃസമിതിക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാനും കഴിയാതെ വരുന്നു. കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തേണ്ടതാണ്.

## 3-22 <u>പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയിട്ടില്ല</u>

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 283 പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 1,23,813/- രൂപ (283@5250/12) വാട്ടർ അതോറിറ്റിക്ക് നൽകിവരുന്നുണ്ട്. 28.09.2011 ലെ ജി.ഒ. (ആർ.ടി) 2242/2011/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമ പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തിയത് 23.05.2012-ലാണ്. ഇതിനുശേഷം ആറുവർഷം കഴിഞ്ഞിട്ടും ഇതുവരെ സംയുക്തപരിശോധന നടത്തുവാനോ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള ചെലവു നിയന്ത്രിക്കുന്നതിനോ ഗ്രാമ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഗാർഹിക കണക്ഷനുകൾക്കായി ഗ്രാമ പഞ്ചായത്ത് നേരിട്ടും നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റി മുഖേനയും ധാരാളം പ്രോജക്ടുകൾ ഓരോ വർഷവും നടപ്പാക്കുന്നുണ്ട്. എന്നാൽ വെള്ളക്കരമിനത്തിൽ കുറവുണ്ടായിട്ടില്ല. സംയുക്തപരിശോധന നടത്തി കുടിവെള്ളക്കരമിനത്തിലെ ചെലവ് കുറയ്ക്കുവാനുള്ള സത്വര നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-23 <u>സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം അടയ്ക്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>

പ്രോജക്ട് നം. S14/18

അടങ്കൽ -5,00,000/- (വികസന ഫണ്ട്)

ചെലവ് - ബിൽ നം.4/17-18 തീയതി. 30.06.17

ബിൽ നം.31/17-18 തീയതി.17.03.18

സെക്രട്ടറി നടപ്പാക്കിയ സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം അടയ്ക്കൽ എന്ന പ്രോജക്ട് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് 5,00,000/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കൈമാറിയ 5,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 3-24 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം – വയലാർ ഗ്രാമപഞ്ചായത്ത് പരിധിയിൽ 26 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 21 എണ്ണം സ്വന്തം കെട്ടിടത്തിലും 5 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. 5 എണ്ണത്തിനും സ്വന്തമായി സ്ഥലം ഇല്ല.

കുടിവെള്ളം- 17 എണ്ണത്തിന് ജപ്പാൻ കുടിവെള്ള കണക്ഷൻ ഉണ്ട്. 7 എണ്ണം പൊതു ടാപ്പിനെയും 2 എണ്ണം കുഴൽ കിണറിനെയുമാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്.

ടോയ്‌ലെറ്റ്- 24 അങ്കണവാടികളിൽ ടോയ്‌ലെറ്റ് സൌകര്യം ഉണ്ട്. അതിൽ രണ്ടെണ്ണം ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ആണ്.

വൈദ്യുതി- സ്വന്തമായി കെട്ടിടം ഉള്ള 20 എണ്ണത്തിന് വൈദ്യുതി കണക്ഷൻ ഉണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന 1 അങ്കണവാടിയിൽ വൈദ്യുത കണക്ഷൻ ഉണ്ട്. സ്വന്തം കെട്ടിടമുണ്ടെങ്കിലും വൈദ്യുതി ലഭിക്കാത്ത അങ്കണവാടിയ്ക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്ന് അറിയിച്ചു.

ചുറ്റുമതിൽ- 13 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം - എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- 22.03.2011-ലെ സർക്കുലർ നമ്പർ .31055/ഡി.സി.2/2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10- നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2017-18 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അംഗൻവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല. അതിനാൽ അംഗൻവാടികളുടെ വാർഷികപരിശോധന നടത്തി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതും മതിയായ സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങൾക്ക് സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം ഏർപ്പെടുത്തേണ്ടതുമാണ്.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 5 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് അപര്യാപ്തതയാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 31055/ഡി.സി.2 /2011/ത.സ്വ.ഭ.വ/22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ഗൃഹ കേന്ദ്രീകൃത പരിചരണം | 77260 | 72740 |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 275000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 231250 | 43750 |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85000 | പച്ചക്കറി കൃഷിക്ക് സബ്സിഡി | 85000 | 0 |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 85000 | നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി | 85000 | 0 |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 22320 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 22320 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 832320 | | 693510 | 138810 |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഗ്രാമ പഞ്ചായത്തിലെ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പൂർണ്ണമല്ല. ഈയിനത്തിൽ തൻവർഷം ലഭിച്ച 2046/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയ തുക | രസീത് നമ്പർ തീയതി |
|---|---|---|
| സെക്രട്ടറി, വയലാർ ഗ്രാമ പഞ്ചായത്ത് | 50 | 117030103009/20.02.2018 |
| അജയഘോഷ്, വിനോദ് ഭവനം | 106 | 117030102717/29.01.2018 |
| രാജു | 107 | 117030102718/29.01.2018 |
| സെക്രട്ടറി, വയലാർ ഗ്രാമ പഞ്ചായത്ത് | 152 | 117030102719/20.02.2018 |
| സെക്രട്ടറി, വയലാർ ഗ്രാമ പഞ്ചായത്ത് | 1631 | 11703010097/25.04.2017 |
| ആകെ | 2046 | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65953959 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65953959 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 157256 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 894207 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-2 | | 31500+പലിശ | സാബു.എൻ.എസ്, സീനിയർ ക്ലർക്ക് |
| 3-3 | | 12000+പലിശ | ശ്രീനിത്യ ആർ, ക്ലർക്ക് |
| 3-4 | | 66760 | ജോൺ പി ജോസഫ്, സെക്രട്ടറി |
| | | 14080 | സാനു.കെ, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) |
| 3-5 | | 7916 | ജയകല. പി.വി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-6 | | 25000+പലിശ | ജോൺ പി ജോസഫ്, സെക്രട്ടറി |
| ആകെ | | 157256 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 342027 | ഡോ. പ്രസിമോൾ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| 3-15 | 10500 | സാനു.കെ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-18 | 17800 | ജോൺ പി ജോസഫ്, സെക്രട്ടറി |
| 3-20 | 23880 | എസ്.അനിത, പ്രധാനാധ്യാപിക |
| 3-23 | 500000 | ജോൺ.പി.ജോസഫ്, സെക്രട്ടറി (200000/-)<br>സാനു.കെ, അസിസ്റ്റന്റ് സെക്രട്ടറി (300000/-) |
| ആകെ | 894207 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സാബു.എൻ.എസ്,<br>സീനിയർ ക്ലർക്ക് | അക്കൗണ്ടന്റ്,<br>തഴക്കര ഗ്രാമ പഞ്ചായത്ത് | നികർത്തിൽ,<br>പട്ടണക്കാട് പി.ഒ,<br>ചേർത്തല |
| ശ്രീനിത്യ.ആർ, ക്ലർക്ക് | ക്ലർക്ക്,<br>പാണാവള്ളി ഗ്രാമ പഞ്ചായത്ത് | തളിയാടിയിൽ,<br>കെ.ആർ.പുരം പി.ഒ,<br>ചേർത്തല |
| ജോൺ പി ജോസഫ്,<br>സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ച | പിരിയത്ത്, തത്തംപള്ളി<br>പി.ഒ., ആലപ്പുഴ |

| | | |
|---|---|---|
| സാനു.കെ അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | സർവ്വീസിൽ നിന്നും വിരമിച്ചു | കളരിക്കൽ,<br>തണ്ണീർമുക്കം പി.ഒ.,<br>ചേർത്തല |
| ജയകല. പി.വി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,<br>വയലാർ ഗ്രാമ പഞ്ചായത്ത് | സരോവരം,<br>മരുത്തോർവട്ടം പി.ഒ.,<br>ചേർത്തല |
| ഡോ. പ്രസിമോൾ,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, വയലാർ | പുന്നയ്ക്കൽ പറമ്പിൽ,<br>തൈക്കൽ പി.ഒ.,<br>ചേർത്തല |
| എസ്.അനിത,<br>പ്രധാനാധ്യാപിക | പ്രധാനാധ്യാപിക,<br>വയലാർ നോർത്ത് എൽ.പി. സ്കൂൾ | വേലിയ്ക്കകത്ത് വീട്,<br>വയലാർ പി.ഒ.,<br>ചേർത്തല |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2001-02 | |
| 2002-03 | |
| 2003-04 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |

| | |
|---|---|
| 2008-09 | എൽ.എഫ്.എ.പി.4-606/2011/30.11.11/3.12.11 |
| 2009-10 | എൽ.എഫ്.എ.പി.8-503/2012/17.07.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എ.പി.8-112/2013/8.04.13/25.06.13 |
| 2012-13 | എൽ.എഫ്.എ.പി.8-996/201426.06.14/08.12.14 |
| 2013-14 | എൽ.എഫ്.എ.പി.ഇസഡ്-പി8-1071/2015/04.09.15<br>/5.10.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി.2-774/2016/11.07.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി2-1460/16/14.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി2-1173/2017/18.09.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

<u>അനുബന്ധം-1</u>

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(47)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 19.07.2018

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വയലാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം 2

.

.

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ